ponani urban co-operative bank
P C U B LTD NO M 372 HO : PONANI
HEAD OFFICE. : C. V. JUNCTION, PONANI - 679 577,
TEL : 0494 - 2666520, 2667010, 2668917, 2666510
Email : pcubponani@gmail.com www.ponaniurbanbank.com

പൊന്നാനി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എം. 372 30.06.2021 ബുധനാഴ്ച രാവിലെ 11:00 മണിക്ക് ഹെഡ്ഡാഫീസിൽ വെച്ച് നടന്ന ഡയറക്ടർ ബോർഡ് തീരുമാനം.

**തീരുമാന നമ്പർ : 34**

റിസർവ്വ് ബ്ങ്ക് ഓഫ് ഇന്ത്യയുടെ 05.05.2021ലെ DOR.STR.REC.11/21.04.048/2021-22 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ Resolution Frame work – 2.0 നടപ്പിലാക്കുന്നതിന് വേണ്ടി ബാങ്കിന്റെ ഭരണ സമിതി അംഗീകരിച്ച നയങ്ങളുടെ പൂർണ്ണ രൂപം.

കോവിഡ് - 19 മഹാമാരി മൂലം സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ബാങ്ക് വായ്പക്കാർക്കുള്ള വായ്പാ കാലാവധി, കിട്ടാകടമായി അംഗീകരിക്കൽ, മറ്റ് നിബന്ധനകളുടെ പുന: ക്രമീകരണങ്ങൾ എന്നിവയിൽ റിസർവ്വ് ബാങ്ക് ചില ഇളവുകൾ പ്രക്യാപിക്കുകയുണ്ടായി

ഈ ഇളവുകൾ യഥാർത്ഥത്തിൽ കോവിഡ് മൂലം പ്രതിസന്ധിയിലകപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

തിരിച്ചടവ് കാലാവധി നീട്ടുക തുടങ്ങിയ കാര്യങ്ങളിലെ പ്രായോഗികതയും തിരിച്ചടവിനുള്ള കഴിവും ബാങ്ക് കൃത്യമായി മനസ്സിലാക്കി ബോധ്യപ്പെട്ടിരിക്കണം.

**താഴെ കൊടുത്തിരിക്കുന്ന വിഭാഗത്തിൽ പെട്ടവർ ഈ ഇളവുകൾക്ക് അർഹരല്ല**

1. 31.03.2021ന് വായ്പകൾ കിട്ടാകടമായി പ്രഖ്യാപിച്ചവർ
2. കോവിഡ്-19 മഹാമാരി മൂലം വരുമാനത്തിൽ കുറവ്/ഉൽപാദനം/വിപണനം ഇവ ബാധിക്കാത്തവർ

വായ്പക്കാരനിൽ നിന്നും ഈ പദ്ധതി പ്രകാരം ഇളവുകൾക്കായി അപേക്ഷ ലഭിച്ച ശേഷം ബാങ്ക് അർഹത പരിശോധിക്കുന്നു. വായ്പക്കാരുമായി സംസാരിച്ച് അനുവദനീയമായ ഇളവുകൾ പ്രഖ്യാപിക്കുന്നു. വായ്പക്കാരനും ബാങ്കും ഇത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിടുന്നു. അതനുസരിച്ച് ഈ വായ്പ സ്റ്റാന്റേർഡ് അസ്സറ്റായി പരിഗണിക്കുന്നു. ഇതുവഴി വായ്പ കിട്ടാകടമായി തരം താഴ്ത്തുന്നതിൽ നിന്നും തുടർ നടപടികളിൽ നിന്നും ഇടപാടുകാരന് താൽകാലിക ആശ്വാസം ലഭിക്കുന്നു.

- അപേക്ഷകൾ ലഭിച്ച് 30 ദിവസത്തിനുള്ളിലോ, 30.09.2021 നകമോ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.
- അതിന് ശേഷം 90 ദിവസത്തിനകമോ, 31.12.2021 നകമോ ധാരണാപത്രം ഒപ്പിട്ട് അക്കൗണ്ട് സ്റ്റാന്റേർഡായി തരംതിരിച്ചിരിക്കണം
- വായ്പാ തുക, കാലാവധി, പലിശ, ഈട് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് എല്ലാ ഡോക്യുമെന്റുകളും പൂർണ്ണമായി സമർപ്പിച്ച ശേഷമേ ഈ ഇളവുകൾ നടപ്പിലാക്കിയതായി കണക്കാക്കുകയുള്ളൂ.
- വായ്പാ പുന:ക്രമീകരണത്തെക്കുറിച്ചുള്ള എല്ലാ നിബന്ധനകളും ബാങ്കിന്റെ രേഖകളിൽ/ കമ്പ്യൂട്ടറിൽ പൂർത്തീകരിച്ചിരിക്കണം.
- പുതിയ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതോടെ വായ്പക്കാരൻ ബാങ്കിലെ ഡിഫോൾട്ടർ അല്ലാതെയാവുന്നു.

ഈ പുന:ക്രമീകരണം നടക്കുന്നതിനിടയിൽ വായ്പകൾ തരംതാണ് NPA ആയാലും അവ സ്റ്റാന്റേർഡ് അസ്സറ്റായി മാറ്റാവുന്നതാണ്.

ആനുകൂല്യങ്ങൾ അനുവദിച്ച വായ്പയുടെ നീക്കിയിരിപ്പിന്റെ 10% പ്രത്യേക പ്രൊവിഷൻ ആയി നീക്കിവെച്ചിരിക്കണം.

ഈ വായ്പയിൽ 20% തുക അടക്കുകയും NPA ആകാതിരിക്കുകയും ചെയ്യുന്ന പക്ഷം പ്രൊവിഷൻ ആയി നീക്കിവെച്ച തുകയുടെ പകുതി മാറ്റാവുന്നതാണ്. വീണ്ടും 10% കൂടി റിക്കവറി വരുന്ന പക്ഷം ബാക്കിയുള്ള പ്രൊവിഷൻ തുക കൂടി മാറ്റാവുന്നതാണ്.

ponani urban co-operative bank
PCUB LTD NO M 372 HO : PONANI

HEAD OFFICE. : C. V. JUNCTION, PONANI - 679 577,
TEL : 0494 - 2666520, 2667010, 2668917, 2666510
Email : pcubponani@gmail.com www.ponaniurbanbank.com

## WORK FLOW CHART

| | |
|---|---|
| A. Within 30 days [ie, before 04.08.2021] | 1. ബാങ്ക് നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുക. പറ്റുമെങ്കിൽ എല്ലാ വായ്പക്കാർക്കും കത്തുകൾ/ അയക്കുക. |
| B. Within 30 days [ie, before 30.09.2021] | 2. മൊറട്ടോറിയം ആവശ്യപ്പെട്ടുകൊണ്ട് ബോറോവർ അപേക്ഷ നൽകണം.<br>3. ശാഖാ മാനേജർമാർ ഇതിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്തി ശുപാർശ ചെയ്യുന്നു.<br>4. HO/ Committee/ Board പരിശോധനക്ക് ശേഷം യുക്തമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നു. (നിരസിക്കുകയും ചെയ്യാം)<br>5. ഈ Invocation വിവരം ബോറോവർ നെ അറിയിക്കുക. ബാങ്കിൽ വന്ന് 90 ദിവസത്തിനകം രേഖകൾ ഒപ്പിട്ടു നൽകുവാൻ ആവശ്യപ്പെടുക |
| C. Within 90 days [ie, before 31.12.2021] | 6. ബോറോവറിൽ നിന്നും ആവശ്യമായ രേഖകൾ ഒപ്പിട്ട് വാങ്ങിയ ശേഷം അനുവദിച്ച ആനുകൂല്യങ്ങൾ കമ്പ്യൂട്ടർ സിസ്റ്റത്തിൽ രേഖപ്പെടുത്തുക. HO വിൽ അറിയിക്കുക.<br>7. ഈ കാര്യങ്ങൾ തീയതി സഹിതം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുക.<br>8. HO ആനുകൂല്യം അനുവദിച്ച വായ്പയുടെ Outstanding ന്റെ 10% കണക്കാക്കി പ്രൊവിഷൻ തുക പ്രത്യേക എക്കൗണ്ടിൽ വരവ് വെക്കുക. |

കോവിഡ് / ലോക്ഡൗൺ മൂലം സാമ്പത്തിക പ്രയാസം അനുഭവിച്ചവർക്ക് മാത്രമായി ഈ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

The Ponani Co-op. Urban Bank Ltd. No. M.372 Head Office Ponnani